# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u> <u>29.11.2018 ൽ മറുപടിക്ക്</u>

<u>ചോദ്യം നം. 581</u>

### <u>കളിമൺ വ്യവസായത്തിനാവശ്യമായ ചെളിയുടെ ശേഖരണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| ഡാമുകളിലും മറ്റ് കൃഷിയിടങ്ങളിലും അടിഞ്ഞുകൂടിയ ചെളി പരിസ്ഥിതി സൗഹൃദമായ രീതിയിലും മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ശേഖരിച്ച് കളിമൺ വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. 2008 ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ. ഇ.സി.) -യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഡാമുകളുടെ സംഭരണശേഷി കൂട്ടുന്നതിനായി അവയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26.09.2017 തീയതിയിലെ GO(Ms)79/2017/WRD ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ |

എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ലോവർ പെരിയാർ ഡാമിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തി 'TURNKEY' പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് മെ.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഡാമുകളിൽ നിന്നും നീക്കം ചെയ്യുന്ന മണലും ചെളിയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തീരുമാനമാനമായിട്ടുണ്ടെങ്കിലും, ഇപ്രകാരം ശേഖരിക്കുന്ന ചെളി കളിമൺ വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികളൊന്നും നിലവിൽ സർക്കാർ സ്വീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**